**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2510** **23-02-2026 - ൽ മറുപടിയ്ക്ക്**

**കേരളത്തിൽ ആരംഭിച്ച വ്യവസായങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ആരംഭിച്ച വ്യവസായങ്ങളെ സംരക്ഷിക്കാത്തതു മൂലം മറ്റ് സംസ്ഥാനങ്ങളിലേക്ക് അവ മാറ്റപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | (എ) (ബി) (സി) & (ഡി)<br><br>ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>കേരളത്തിലെ വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന വ്യവസായസൗഹൃദ നയമാണ് സർക്കാർ പിൻതുടരുന്നത്. വ്യവസായ സൗഹൃദ നയത്തിന്റെ ഭാഗമായി അനുമതി നൽകൽ നടപടികൾ ലളിതമാക്കുകയും ഡിജിറ്റലൈസേഷൻ സേവനങ്ങൾക്ക് സിംഗിൾ വിൻഡോ തുടങ്ങിയ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുകയും അവയ്ക്ക് സമയപരിധിയും മേൽനോട്ടവും ഏർപ്പെടുത്തുകയും ചെയ്തു. ഇതിലൂടെ ഈസ് ഓഫ് ഡൂയിങ് ബിസിനസ് (EoDB) സൂചികയിൽ സംസ്ഥാനം സ്ഥിരതയാർന്ന പുരോഗതി കൈവരിച്ചു. DPIIT യുടെ ബിസിനസ് നടപടിക്രമങ്ങളുടെ പരിഷ്കാരങ്ങൾക്കുള്ള ദേശീയ റാങ്കിങ്ങിൽ മുൻവർഷത്തെ 28-ാം സ്ഥാനത്തു നിന്നും കേരളം 2024-ൽ 91% പരിഷ്കാരങ്ങൾ നടപ്പാക്കിക്കൊണ്ട് ഒന്നാം റാങ്കിലേക്ക് ഉയർന്നു. 99.3% പരിഷ്കാരങ്ങളും നടപ്പിലാക്കിക്കൊണ്ട് 2025-ലും കേരളം റാങ്കിംഗ് നിലനിർത്തി വരുന്നു.<br><br>2022 - 23 ൽ വ്യവസായ വകുപ്പ് ആരംഭിച്ച സംരംഭക വർഷം പദ്ധതി കേരളത്തെ വ്യവസായ സംരംഭക സൗഹൃദ സംസ്ഥാനമായി പരിവർത്തനം ചെയ്യുന്നതിൽ പ്രധാന പങ്കു വഹിച്ചു. ഈ പദ്ധതിയിലൂടെ 2026 ഫെബ്രുവരി 21 വരെ 406985 സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചു.<br><br>27222 കോടി രൂപയുടെ നിക്ഷേപവും 867036 തൊഴിലവസരങ്ങളും ഇതുവഴി സൃഷ്ടിക്കപ്പെട്ടു. 2023-ൽ ന്യൂഡൽഹിയിൽ നടന്ന രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാരുടെ ദേശീയ സെമിനാറിൽ എം.എസ്.എം.ഇ മേഖലയുടെ |

| | | | |
|---|---|---|---|
| | | | പുരോഗതിക്കായി രാജ്യത്ത് നടപ്പാക്കിയ ഏറ്റവും മികച്ച മാതൃകയായി സംരംഭക വർഷം പദ്ധതി തിരഞ്ഞെടുത്തിരുന്നു. കൂടാതെ 2024- ൽ അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ പ്രശസ്തമായ Innovation in Public Administration ബഹുമതിയ്ക്കായി, 87 വർഷത്തെ ചരിത്രത്തിൽ ഇന്ത്യയിൽ നിന്നുള്ള ആദ്യ പദ്ധതിയായി കേരളത്തിന്റെ സംരംഭക വർഷം പദ്ധതിയെ തെരഞ്ഞെടുത്തിരുന്നു.<br><br>2025 ഫെബ്രുവരിയിൽ കൊച്ചിയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയുടെ പരിണിതഫലമായി 1.81 ലക്ഷം കോടി രൂപയുടെ താൽപര്യപത്രങ്ങൾ ഒപ്പുവയ്ക്കുകയും ഒരു വർഷത്തിനകം തന്നെ 115 പദ്ധതികളുടെ (40.35%) നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. ആകെ 4.9 ലക്ഷം പുതിയ തൊഴിലവസരങ്ങൾ കേരളത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്നതാണ്. നിലവിൽ നിർമ്മാണം ആരംഭിച്ചവയിലൂടെ 66073 തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെടുക.<br><br>മേൽ പരാമർശിച്ച, വ്യവസായ മേഖലയിലെ പദ്ധതികളും നേട്ടങ്ങളും സർക്കാരിന്റെ ശരിയായ ഇടപെടലുകൾ വെളിപ്പെടുത്തുന്നവയാണ്. |
| (ബി) | പ്രസ്തുത വ്യവസായങ്ങളെ സംരക്ഷിക്കുന്നതു സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ; | (ബി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട് |
| (സി) | ദശകങ്ങളായി പ്രവർത്തിക്കുന്നതും വിദേശനാണ്യം നേടിത്തന്നുകൊണ്ടിരിക്കുന്നതുമായ വ്യവസായ സ്ഥാപനങ്ങൾ സർക്കാർ സംവിധാനങ്ങളുടെ തെറ്റായ ഇടപെടലുകൾ മൂലം സംസ്ഥാനത്തു നിന്നും പ്രവർത്തനം മാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട് |
| (ഡി) | എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ